**ആലപ്പുഴ ജില്ലയിൽ പെരുമ്പളം പാലം നിർമ്മാണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത യൂണിറ്റായ യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ , സോഷ്യൽ സർവ്വീസ് സെൻറർ, കോതമംഗലം, എറണാകുളം സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് പരിശോധി ക്കുകയും പദ്ധതി പ്രദേശം സന്ദർശിക്കുകയും ചെയ്തതിൻെറ അടിസ്ഥാനത്തിൽ വിദഗ്ദ സമിതി ചെയർ പേഴ്സൻെറ നേതൃത്വത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട്**

10.11.2021 തീയ്യതിയിൽ പെരുമ്പളം പഞ്ചായത്ത് ഹാളിൽ വച്ച് നടന്ന വിദഗ്ദ സമിതി യോഗത്തിലെ ഹാജർ

1.ശ്രീമതി പ്രിൻസി ജേക്കബ്ബ്, വിദഗ്ദ സമിതി ചെയർപേഴ്സൺ (ഒപ്പ്)

2. ശ്രീമതി സവിത ഷേണായി. സോഷ്യൽ സയൻറിസ്റ്റ് (ഒപ്പ്)

3. ശ്രീമതി ശോഭ എസ്. ഡെപ്യൂട്ടി കളക്ടർ (എൽ.എ), ആലപ്പുഴ (ഒപ്പ്)

4. ശ്രീമതി ജയ വി.സി. സ്പെഷ്യൽ തഹസിൽദാർ എൽ.എ യൂണിറ്റ് -2, കിഫ്ബി, ആലപ്പുഴ (ഒപ്പ്)

5. അഡ്വ.വി.വി.ആശ, പ്രസിഡൻറ്, പെരുമ്പളം ഗ്രാമ പഞ്ചായത്ത് (ഒപ്പ്)

6. ശ്രീ മാത്യു.കെ.എ, മെമ്പർ, വാർഡ് നമ്പർ-3, അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് (ഒപ്പ്)

7. അരവിന്ദ് സച്ചിൻ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, KRFB-PMU, ആലപ്പുഴ (ഒപ്പ്)

ചേർത്തല താലൂക്കിൽ പെരുമ്പളം പാലം നിർമ്മാണത്തിന് വേണ്ടി പെരുമ്പളം, അരൂക്കുറ്റി എന്നീ വില്ലേജുകളിൽ നിന്നും 268.5 സെൻറ് ഭൂമി RFCTLARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ (YSSO), കോതമംഗലം, എറണാകുളം എന്ന ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിനെ തിരഞ്ഞെടു ക്കുകയും 4(1) നോട്ടിഫിക്കേഷൻ, കേരള ഗസറ്റ് (അസാധാരണം) നമ്പർ, 2366 തീയതി 10.08.2021 ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഇതിനെത്തുടർന്ന് സാമൂഹ്യ പ്രത്യാഘാത പഠനത്തിൻെറ അന്തിമ റിപ്പോർട്ട് യൂത്ത്

സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ 08.10.2021 ൽ ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

## വിദഗ്ദ സമിതി അംഗങ്ങളുടെ അഭിപ്രായങ്ങളും ശുപാർശകളും

1.ഈ പദ്ധതി പെരുമ്പളം ഗ്രാമത്തിൻെറ ദീർഘകാലത്തെ സ്വപ്ന പദ്ധതിയാണെന്നും ഇത് നടപ്പിലാവുന്നതുമൂലം പെരുമ്പളം പ്രദേശത്തെ ജനങ്ങളുടെ യാത്രാ ക്ലേശം കുറക്കുവാനും ഈ പ്രദേശത്തെ വികസനത്തിന് നിർണ്ണായക പങ്ക് വഹിക്കാൻ സാധിക്കുന്നതാണെന്നും വിദഗ്ദ സമിതി വിലയിരുത്തി. കൂടാതെ ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

2.ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതി ന് പൊതുജനങ്ങളിൽ നിന്നും കാര്യമായ എതിർപ്പുകൾ ഇല്ലെന്നും വടുതല ഭാഗത്തു നിന്നും ഏതാനും ചില ഭൂവുടമകൾക്ക് മാത്രമാണ് എതിർപ്പുകൾ ഉള്ളതെന്നും സാമൂഹ്യ പ്രത്യാഘാത നടപടികൾ സ്വീകരിക്കുന്നതിലൂടെ സമൂഹ്യ പ്രത്യാഘാതം കുറക്കുവാൻ സാധിക്കുമെന്ന് വിദഗ്ധ സമിതി വിലയിരുത്തി.

3. • നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ കാലതാമസം കൂടാതെ പൂർത്തിയാക്കേണ്ടതണെന്ന് വിദഗ്ദ സമിതി ശുപാർശ ചെയ്യുന്നു.

4. പദ്ധതിയുടെ നേട്ടങ്ങൾ കോട്ടങ്ങളേക്കാൾ വലുതാണെന്ന നിഗമനത്തിൻെറ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ട ബന്ധപ്പെട്ട നടപടികൾക്ക് ആവശ്യമായ അംഗീകാരം നൽകാവുന്നതാണെന്ന് വിദഗ്ദ സമിതി ശുപാർശ ചെയ്യുന്നു.

5.പ്രസ്തുത റിപ്പോർട്ട് വ്ദഗ്ദ സമിതി അംഗീകരിക്കുകയും മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ നടപടികൾ സാധൂകരിക്കുന്നതിനായി ജില്ല കളക്ടർ മുൻപാകെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രിൻസി ജേക്കബ്ബ്
വിദഗ്ദ സമിതി ചെയർപേഴ്സൺ

ആലപ്പുഴ
30.11.2021